# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD-PTA- P4/271/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD-PTA- P4/271/2023 തീയ്യതി: 28/03/2023

## പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി പി ജയപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കെ എസ് ദീപ,ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മാത്തൻ ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രാജേന്ദ്രൻ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ ജോസ് ഈപ്പൻ | സെക്രട്ടറി | 07-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാജേന്ദ്രൻ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 26-02-2022 |
| ശ്രീ ഗണപതി എസ് | അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്) | 27-02-2022 | 02-03-2022 |
| ശ്രീമതി ഷൈനി ഇ | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2022 | 13-03-2022 |
| ശ്രീ ഗണപതി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 14-03-2022 | 31-03-2022 |
| ശ്രീ നിസാം ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ അലി അക്ബർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീ അജിമോൻ പി ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2021 | 15-10-2021 |
| ശ്രീമതി ദീപ്തി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-10-2021 | 31-03-2022 |
| ശ്രീമതി ഗിരിജാ കുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ഡോ സിന്ധു എം പോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ ഗോപിക | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 06-06-2021 |
| ഡോ ജിസ്മേരി എ പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 07-06-2021 | 03-12-2021 |
| ഡോ ഗോപിക | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 04-12-2021 | 31-03-2022 |
| ഡോ റൂൺ മറിയം മത്തായി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ജയചന്ദ്രൻ പി | മെഡിക്കൽ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ)) | | |
| ഡോ ബിംബി ഹരിഹരദാസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-08-2021 |
| ഡോ സുരേഷ് കുമാർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-09-2021 | 31-03-2022 |
| ശ്രീ സജി മാത്യു | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ സുജിത്ത് എസ് എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ഷാനവാസ് എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 07-09-2021 |
| ശ്രീ ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 08-09-2021 | 31-03-2022 |
| ശ്രീമതി ബിന്ദുദേവി ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 10-05-2021 |
| ശ്രീ രാഗേഷ് ഗോകുൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-05-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-12 |
| 14 | ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു | 1-13 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 16 | നികുതി നികുതിയേതര വരുമാനം അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല | 1-15 |
| 17 | ലഭ്യമായ ഫണ്ട് വിനിയോഗിക്കാത്തത് 93.94 ലക്ഷം രൂപ | 1-16 |
| 18 | പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- തനതു ഫണ്ടിൽ നിഷ്ക്രിയമായി നിക്ഷേപിച്ചിരിക്കുന്നു | 1-17 |
| 19 | ലൈഫ് വായ്പാ തിരിച്ചടവ് - സ്രോതസ്സിൽ നിന്നും 3.02 ലക്ഷം രൂപ അധികം കുറവു ചെയ്തു | 1-18 |
| 20 | മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു | 1-19 |
| 21 | മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല: അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ് | 1-20 |
| 22 | പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക പെരുകുന്നു; നിലവിലെ ബാധ്യത 35.88 ലക്ഷം | 1-21 |
| 23 | തെരുവ് വിളക്കുകളുടെ പരിപാലനം ഫലപ്രദമല്ല | 1-22 |
| 24 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച | 1-23 |
| 25 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് അരംഭിച്ചില്ല | 1-24 |
| 26 | പിരിച്ചെടുത്ത ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല; | 1-25 |

| | | |
|---|---|---|
| | ലഭിക്കാൻ അവശേഷിക്കുന്നത് 159945 രൂപ | |
| 27 | പ്രവ്യത്തി പാതിവഴിയിൽ ഉപേക്ഷിച്ചു; കരാറുകാരന്റെ ജാമ്യനിക്ഷേപം കണ്ട് കെട്ടണം | 1-26 |
| 28 | ഹോമിയോ ആശുപത്രി മെയിന്റനൻസ് പദ്ധതി മുടങ്ങിക്കിടക്കുന്നു - ചെലവഴിച്ച തുക ഫലശൂന്യം | 1-27 |
| 29 | ഡ്രൈ റബിൾ മേസൺറി (DR Masonry) പ്രവ്യത്തിക്ക് അധിക നിരക്ക് നൽകി | 1-28 |
| 30 | ഡെപ്പോസിറ്റ് പ്രവ്യത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല | 1-29 |
| 31 | ആസ്തി രജിസ്റ്റർ അപൂർണ്ണം | 1-30 |
| 32 | പഞ്ചായത്ത് മിനി സ്റ്റേഡിയം അവഗണനയിൽ | 1-31 |
| 33 | പ്രോജക്ടുകൾക്ക് വകയിരുത്തിയ ഫണ്ട് ഫലപ്രദമായി വനിയോഗിക്കാതെ ലാപ്സാക്കി | 1-32 |
| 34 | ബാലസഭാ പ്രവർത്തനം - പദ്ധതി തുക മൊബൈൽ ഫോൺ വിതരണം ചെയ്യുന്നതിന് വകമാറ്റി | 1-33 |
| 35 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - ജി.പി.എസ്. റിപ്പോർട്ട് ഹാജരാക്കാതെ കരാറുകാരന് തുക നൽകി | 1-34 |
| 36 | മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു. | 1-35 |
| 37 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-36 |
| 38 | പഴയ ഓടുകൾ ലേലം ചെയ്തില്ല | 1-37 |
| 39 | സംയുക്ത പദ്ധതിക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു | 1-38 |
| 40 | വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-39 |
| 41 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-40 |
| 42 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-41 |
| 43 | ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിസന്ധിയിൽ | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | DR മേസൺറി പ്രവ്യത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; അധികം നൽകിയ 18829 രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ആഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20-02-2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 6954065 രൂപ മുന്നിരിപ്പും, 207874900രൂപ വരവും 206133900 രൂപ ചെലവും 8695065 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്. 26-03-2022ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി 3: Capital Contribution - മുൻവർഷത്തെ തുകതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി 5: Secured Loan From KURDFC - ലോൺ തുകയായ 4,89,719 രൂപയിൽ 2020-21 സാമ്പത്തിക വർഷം വരെ 5,28,000 രൂപയും 2021-22 വർഷം 234666 രൂപയും സ്രോതസ്സിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ലോൺ അക്കൗണ്ടിൽ തിരിച്ചടച്ച തുക അക്കൗണ്ട് ചെയ്തിട്ടില്ല. വാർഷിക കണക്കിൽ നിലവിൽ നീക്കിയിരിപ്പ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

4. ഷെഡ്യൂൾ I-6 & I-14(a): MG-NREGA-ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. Schedule B18 –തുക സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

1) Advance To Implementing Agencies – Deposit With Kerala Electricity Board -1493518

2) Temperory Advance For Official Purpose- 32925

6. ബാലൻസ് ഷീറ്റ് പ്രകാരം 19515 രൂപ റിട്ടെൻഷൻ ഇനത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ Capital Work In Progress ഇനത്തിൽ തുകകളൊന്നും ഉൾപ്പെട്ടിട്ടില്ല.

7. സംയുക്ത പ്രോജക്ടുകൾ – അക്കൗണ്ടിലെ തുകയും ACR പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വ്യത്യാസം – 12990

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27964539 |
| ഓഡിറ്റ് വർഷത്തെ വരവ് | 73374396 |
| ആകെ വരവ് | 101338935 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67888089 |
| നീക്കിയിരിപ്പ് | 33450846 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13985000 | 13985000 | 12671340 | 1313660 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 4842800 | 4842800 | 3980834 | 861966 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 0 | 7800 | 7800 | 0 | 7800 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12086200 | 12086200 | 7615269 | 4470931 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5480001 | 5480001 | 2739470 | 2740531 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 6892000 | 6892000 | 3024904 | 3867096 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4214691 | 4214691 | 2786974 | 1427717 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
|---|---|---|---|---|---|---|
| ഫണ്ടിനം | | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
| സാക്ഷരത | | 22791 | 622 | 23413 | 0 | 23413 |
| ശുചിത്വ മിഷൻ | | 3430571 | 150000 | 3580571 | 929381 | 2651190 |
| വിമുക്തി | | 11000 | 0 | 11000 | 1080 | 9920 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | | 1577472 | 600738 | 2178210 | 1800000 | 378210 |
| എം.ജി.എൻ. ആർ.ജി.എസ് | ഭരണച്ചെലവുകൾ | 19267 | 654180 | 673447 | 669792 | 3655 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 34499688 | 34499688 | 34499688 | - |
| | ആകെ | 19267 | 35153868 | 35173135 | 35169480 | 3655 |
| പൈക്ക | | 101992 | -- | 101992 | -- | 101992 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വികസനഫണ്ടിനത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകകൾ, വിവിധ ഗ്രാന്റുകളിലെ അലോട്ട്മെന്റ് ഒന്നാം ഗഡു,ഇവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 13985000 | 12699134 | 1285866 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 234666/-,അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 1051200/- തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| വികസനഫണ്ട് (എസ് സി പി) | 4842800 | 4303666 | 539134 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 29334 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. G.O Rt |

| | | | | |
|---|---|---|---|---|
| | | | | No.2617/2022/fin തീയതി 31.03.2022 പ്രകാരം ലഭിച്ച 509800 രൂപ വരവിൽ ഉൾപ്പെടുത്തിയില്ല. |
| വികസനഫണ്ട് (റ്റി എസ്സ് പി) | 7800 | 0 | 7800 | G.O Rt No.2617/2022/fin തീയതി 31.03.2022 പ്രകാരം ലഭിച്ച 7800 രൂപ വരവിൽ ഉൾപ്പെടുത്തിയില്ല. |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5480001 | 5112201 | 367800 | G.O Rt No.2617/2022/fin തീയതി 31.03.2022 പ്രകാരം ലഭിച്ച 367800രൂപ വരവിൽ ഉൾപ്പെടുത്തിയില്ല. |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 12086200 | 10931000 | 1155200 | G.O Rt No.2617/2022/fin തീയതി 31.03.2022 പ്രകാരം ലഭിച്ച 1155200 രൂപ വരവിൽ ഉൾപ്പെടുത്തിയില്ല. |

## 1-5 പദ്ധതി അവലോകനം

പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 155 | 97821839 | 104 | 45054923 | 51 | 46.06 |

### നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 3 | 1 | 11000000 | 8391657 | 76.29 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 2513400 | 1605000 | 63.86 |
| 3 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 1 | 1 | 1500000 | 1469883 | 97.99 |
| 4 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 200000 | 200000 | 100.00 |
| 5 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 1200000 | 1198739 | 99.89 |

| | | | | | | |
|---|---|---|---|---|---|---|
| 6 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 690000 | 73600 | 10.67 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 16 | 33993400 | 7344760 | 21.61 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 4 | 7180750 | 4362825 | 60.76 |
| 9 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 28 | 20 | 9566062 | 5976010 | 62.47 |
| 10 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | 1 | 1 | 900000 | 900000 | 100.00 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 75 | 42 | 26259197 | 11659264 | 44.40 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1190000 | 800000 | 67.23 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1629030 | 1073185 | 65.88 |
| | ആകെ | 155 | 104 | 97821839 | 45054923 | 46.06 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 19267 | 2212641 | 2231908 | 2212563 | 19345 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 34763976 | 34763976 | 34763976 | - |
| ആകെ | 19267 | 36976617 | 36995884 | 36976539 | 19345 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10589100 | 419 |
| വിധവാപെൻഷൻ | 11750900 | 761 |
| വാർദ്ധക്യകാല പെൻഷൻ | 28378100 | 1875 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3985600 | 253 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 462900 | 29 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 25-02-2023, 3.30 P. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 38916(മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി പതിനാറ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ക്രമീകരിച്ചിട്ടുണ്ട്. ISO സർട്ടിഫിക്കേഷൻ

ലഭ്യമായിട്ടുള്ളതും രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് റിക്കാർഡ് റൂം സജ്ജീകരിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്.

- ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സജ്ജീകരിച്ചിരിക്കു ന്നതിന് മതിയായ ഭൗതിക സാഹചര്യം ഒരുക്കാതെയാണ്.
- ഫീൽഡ് പരിശോധനയ്ക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് നിശ്ചിത ഇടവേളകളിൽ വാർഡുകളുടെ ചുമതല മാറ്റി നൽകുന്നില്ല.
- പുതിയ ഭരണ സമിതി അധികാരത്തിൽ വന്നിട്ടും പൗരാവകാശരേഖ പുതുക്കിയിട്ടില്ല. പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.
- പ്രോക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല.
- ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തല പരാതി പരിഹാര സെൽ മുഖേന ശ്രമിക്കേണ്ടതും മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പരമാവധി പരാതികൾ തീർപ്പാക്കേണ്ടതുമാണ്.
- കരാർ ജീവനക്കാരുടെ മൂവ്മെന്റ് രജിസ്റ്റർ, ക്വാഷൽ ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.
- ബാങ്ക് റിക്കൺസിലിയേഷൻ എല്ലാ മാസവും കൃത്യമായി നടത്തി സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
- കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉൾപ്പടെ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹാർഡ് വെയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കണം.
- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- വിട്ടുപോയ ആസ്തികളുടെയും രജിസ്റ്റർ തയ്യാറാക്കിയതിനുശേഷം ആർജ്ജിച്ച ആസ്തികളുടെയും വിവരങ്ങൾ കൂട്ടിചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
- നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി കുടിശ്ശിക ഈടാക്കുന്നതിനുമുള്ള കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും മേലുദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.
- പൊതു ടാപ്പുകളുടെ വെള്ളക്കരം മുടക്കം കൂടാതെ ഒടുക്കുവരുത്തേണ്ടതും, ഈ ഇനത്തിൽ കുടിശിക വരുത്താൻ പാടില്ലാത്തതുമാണ്. സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി, ഈ ഇനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്.
- കൃത്യമായ മോണിട്ടറിംഗിലൂടെ പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷംതന്നെ ഉപയോഗപ്പെടുത്തേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ എഴുതുന്നില്ല. രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.
- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ

ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.07.2022 മുതൽ 07.07.2022 വരെ | 01.22 മുതൽ 03.22 വരെ | 10.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സെപ്റ്റംബർ 2017 വരെ | 2012-13 മുതൽ 2016-17 വരെ | 31-10-2017 |

## 1-11 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | വാർഡ് |
|---|---|---|
| 1 | മിൽമ ,മേപ്രാൽ. | 2 |
| 2 | ഇ.കോം.കൊറിയർ സർവീസസ്. | 2 |
| 3 | ടോഡി ഷോപ്പ്. | 5 |
| 4 | യമഹ സെയിൽസ് ആൻ്റ് സർവീസസ്. | 5 |
| 5 | ക്ഷീരോല്പാദക സഹകരണ സംഘം,ആലംതുരുത്തി. | 4 |
| 6 | ക്ഷീരോല്പാദക സഹകരണ സംഘം,ചാത്തങ്കരി. | 14 |
| 7 | റേഷൻ കടകൾ | - |

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെയും എല്ലാ സ്ഥാപങ്ങളെയും ലൈസൻസു പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. (1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4). ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ, തിരുവല്ല | ഒന്നാം അർദ്ധവർഷം (1 ജീവനക്കാരന്റെ മാത്രമേ ഈടാക്കിയിട്ടുള്ളൂ),<br>രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 2 | സൌത്ത് ഇന്ത്യൻ ബാങ്ക്, പെരുംതുരുത്തി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ചാത്തങ്കരി | ഒന്നാം അർദ്ധവർഷം |
| 4 | അക്ഷയ കേന്ദ്രം, പെരിങ്ങര | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | പോസ്റ്റ് ഓഫീസ്, മേപ്രാൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | എസ് എൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ലൌഡേയ്ൽ സ്കൂൾ, കാരയ്ക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | എസ് എ എൽ പി സ്കൂൾ, മേപ്രാൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | തോപ്പിൽ ഫർണ്ണിച്ചർ, പെരുംതുരുത്തി | രണ്ടാം അർദ്ധവർഷം |
| 10 | മഹീന്ദ്ര മോട്ടോഴ്സ്, പെരുംതുരുത്തി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | റ്റി എസ് നം. 7, പെരിങ്ങര | രണ്ടാം അർദ്ധവർഷം |
| 12 | റ്റി എസ് നം. 8, സ്വാമിപാലം | രണ്ടാം അർദ്ധവർഷം |
| 13 | റ്റി എസ് നം. 11,പെരുംതുരുത്തി | രണ്ടാം അർദ്ധവർഷം |
| 14 | റ്റി എസ് നം. 12, ഇഴിഞ്ഞില്ലം | രണ്ടാം അർദ്ധവർഷം |
| 15 | റേഷൻകടകൾ(11) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | ക്ഷീരോല്പാദക സഹകരണ സംഘം, മേപ്രാൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | ക്ഷീരോല്പാദക സഹകരണ സംഘം, ചാത്തങ്കരി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | ക്ഷീരോല്പാദക സഹകരണ സംഘം, ആലംതുരുത്തി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സൌത്ത് ഇന്ത്യൻ ബാങ്ക്, പെരുംതുരുത്തി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ചാത്തങ്കരി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | സർവീസ് കോപ്പറേറ്റീവ് ബാങ്ക്, ചാത്തങ്കരി | ഒന്നാം അർദ്ധവർഷം |

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളിലൊന്നാണ് തൊഴിൽനികുതി. തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനും അസസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു

സഞ്ചയ സോഫ്റ്റ് വെയർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചില വാണിജ്യ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കഫേ കോഫി ഡേ, ഇടിഞ്ഞില്ലം എന്ന സ്ഥാപനത്തിന്റെ (കെട്ടിട നമ്പർ 5/293G, കെട്ടിട ഉടമയുടെ പേര് - സിനോമാത്യു,വെണ്ണാലി ഗാർഡൻസ്, ഇടിഞ്ഞില്ലം, വിസ്തീർണ്ണം-118.32ച.മീ) നികുതി നിർണ്ണയം നടത്തിയതിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ (വസ്തു നികുതി നിരക്ക് 8/- രൂപ/ച.മീ) ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,

റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ (വസ്തു നികുതി നിരക്ക് 70/- രൂപ/ച.മീ) എന്ന ഉപയോഗക്രമത്തിന്റെ നിരക്കായിരുന്നു ഈടാക്കേണ്ടിയിരുന്നത്.

2. ജോയൽ വുഡ് ഇൻഡസ്ട്രീസ്,ചാത്തങ്കരി എന്ന സ്ഥാപനത്തിന്റെ (കെട്ടിട നമ്പർ 12/72, കെട്ടിട ഉടമയുടെ പേര് – സിജി ആൻറണി, ചക്കംതറ, ചാത്തങ്കരി വിസ്തീർണ്ണം-30ച.മീ) നികുതി നിർണ്ണയം നടത്തിയതിൽ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ (വസ്തു നികുതി നിരക്ക് 20/- രൂപ/ച.മീ) ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ (വസ്തു നികുതി നിരക്ക് 60/- രൂപ/ച.മീ) എന്ന ഉപയോഗക്രമത്തിന്റെ നിരക്കായിരുന്നു ഈടാക്കേണ്ടിയിരുന്നത്.

3. വോക്സ് വാഗൻ ഇ വി എം പെരുംതുരുത്തി എന്ന സ്ഥാപനത്തിന്റെ കെട്ടിട നമ്പർ 5/286 C, കെട്ടിട ഉടമയുടെ പേര് – ജേക്കബ്ജോർജ്, രാജഗിരി, ഇഴിഞ്ഞില്ലം വിസ്തീർണ്ണം-572ച.മീ) നികുതി നിർണ്ണയം നടത്തിയതിൽ വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്ന ഉപയോഗക്രമത്തിൽ (വസ്തു നികുതി നിരക്ക് 60/- രൂപ/ച.മീ) ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (വസ്തു നികുതി നിരക്ക് 90/- രൂപ/ച.മീ) എന്ന ഉപയോഗക്രമത്തിന്റെ നിരക്കായിരുന്നു ഈടാക്കേണ്ടിയിരുന്നത്.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 27) മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണ്ണയിച്ചതിലുണ്ടായ അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ തുക ഈടാക്കാനുള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിവരങ്ങൾ | ഈടാക്കാനുള്ള കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 2/226 UA | ബി എസ് എൻ എൽ ടവർ,മേപ്രാൽ | 2018-19 മുതൽ 2021-22 വരെ | 96396 |
| 2 | 6/185 A | ബി എസ് എൻ എൽ ടവർ, പെരുംതുരുത്തി | 2018-19 മുതൽ 2021-22 വരെ | 26184 |
| 3 | 9/397A | സെല്ലുലാർ ടവർ, പെരിങ്ങര | 2018-19 മുതൽ 2021-22 വരെ | 49272 |

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 നികുതി നികുതിയേതര വരുമാനം അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല

ഗ്രാമപ്പഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചെലവുകൾക്ക് തികയുന്നില്ല. ഓഡിറ്റ് വർഷം നികുതി, നികുതിയേതര വരവുകൾ വസ്തുനികുതി ഒഴികെ (കുടിശ്ശിക 3%)100 ശതമാനം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും മതിയായ നികുതി/നികുതിയേതര വരുമാനം ഇല്ലാത്തത് ധനക്കമ്മിക്ക് കാരണമായി. 2021-22-ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പഞ്ചായത്തിന്റെ തനത് വരുമാനവും, അനിവാര്യ ചെലവുകളും ചുവടെ ചേർക്കുന്നു.

| *വരവ് ഇനം* | *തുക* | *ചെലവ് ഇനം* | *തുക* |
|---|---|---|---|
| നികുതി വരുമാനം | 8075291 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 14690779 |
| നികുതിയേതരം | 954406 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 1098009 |
| പലിശ | 1047134 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2549623 |
| | | ബാങ്ക് ചാർജ്ജസ് | 749 |
| ആകെ | 10076831 | ആകെ | 17241151 |

| | | | |
|---|---|---|---|
| | | വ്യത്യാസം | -7164320 |
| ജനറൽ പർപ്പസ് ഗ്രാന്റ് ലഭിച്ചത് | 11251000 | | |
| ആകെ വരവ് | 21327831 | | |
| മിച്ച ഫണ്ട് | 4086680 | | |

ജനറൽ പർപ്പസ് ഗ്രാന്റ് ലഭിക്കുന്നതു കാരണമാണ് ധനക്കമ്മി ഒഴിവാകുന്നത്. തനതു വരുമാനമിനത്തിൽ വസ്തു നികുതിയിനത്തിൽ മാത്രമാണ് കുടിശ്ശിക പിരിച്ചെടുക്കാനുള്ളത്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്ന പക്ഷം വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കാവുന്നതാണ്. പഞ്ചായത്ത് പരിധിയിലെ ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള വ്യാപകമായ ഒരു പരിശോധന നടത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ മുറികൾ കൂട്ടിചേർത്തത്, കെട്ടിടങ്ങൾക്ക് അധികം നിലകൾ പണിതത്, മേൽക്കൂരയുടെ തരം മാറ്റിയത്, ഗാർഹികാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നത് എന്നിവയെല്ലാം സമഗ്രമായ ഒരു പരിശോധനയിലൂടെ കണ്ടെത്തി അപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. അതുപോലെതന്നെ വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതിയും ന്യായമായ തോതിൽ വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലഭ്യമായ ഫണ്ട് വിനിയോഗിക്കാത്തത് 93.94 ലക്ഷം രൂപ

സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി ഫണ്ടുകൾ ചെലവഴിക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭ്യമായ തുക | *ചെലവ്* | *ലാപ്സായ തുക* |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 13985000 | 12671340 | 1313660 |
| വികസനഫണ്ട് (എസ്.സി.പി.) | 4842800 | 3980834 | 861966 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 7800 | 0 | 7800 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 12086200 | 7615269 | 4470931 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5480001 | 2739470 | 2740531 |
| ആകെ | 36401801 | 27006913 | 9364888 |

പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നതു മൂലമാണ് ഇത്തരത്തിൽ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. സമയബന്ധിതമായി ചെലവഴിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തുകയിൽ74 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചകൾ കാരണമാണ് വികസനക്ഷേമപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകളിൽ ബാലൻസ് തുകകൾ അവശേഷിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഗ്രാന്റുകൾ സമയക്രമത്തിനനുസരിച്ച് ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-17 പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- തനതു ഫണ്ടിൽ നിഷ്ക്രിയമായി നിക്ഷേപിച്ചിരിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഫണ്ടുകൾ ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബാലൻസ് തുക | തുക ലഭിച്ച തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| വിമുക്തി | 34920 | 29.03.2017<br>02.04.2017 | എക്സൈസ് വകുപ്പ് |
| പൈക | 101992 | ലഭ്യമല്ല | യുവജനക്ഷേമ വകുപ്പ് |
| പാലിയേറ്റീവ് | 280000 | 20.02.2018 | ജില്ലാ സാമൂഹ്യ നീതി ഓഫീസ് |
| ശിശു സൗഹൃദ ടോയ്ലറ്റ് | 16637 | 11.02.2019 | ജില്ലാ സാമൂഹ്യ നീതി ഓഫീസ് |

| | | | |
|---|---|---|---|
| | 433549 | | |

തുകവിനിയോഗിച്ച് പ്രത്യേക ആവശ്യങ്ങൾക്കായുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാത്ത പക്ഷം ലഭ്യമായ തുക സ്രോതസ്സിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-18 ലൈഫ് വായ്പാ തിരിച്ചടവ് - സ്രോതസ്സിൽ നിന്നും 3.02 ലക്ഷം രൂപ അധികം കുറവു ചെയ്തു

ലൈഫ് ഭവന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 4,89,719 രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ തിരിച്ചടവിലേക്ക് 792000രൂപ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഉത്തരവ് നം./തീയതി | ഈടാക്കിയ തുക |
|---|---|---|
| 2019-20 | 6105/2019 01-08-2019 | 102941 |
| 2019-20 | 10050/2019 21-12-2019 | 102941 |
| 2020-21 | 4461/2020 03-08-2020 | 161059 |
| 2020-21 | 43/2020 01-01-2021 | 161059 |
| 2021-22 | 5206/2021 30-07-2021 | 132000 |
| 2021-22 | 22/2022 01-01-2022 | 132000 |
| | ആകെ | 792000 |

അധികമായി ഈടാക്കിയ 302,281 തുക തിരികെ ലഭിക്കുന്നതിനും തുടർന്ന് റിക്കവറി ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു

ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഓഡിറ്റ് കാലയളവിൽ മരണപ്പെട്ട ചുവടെ ചേർക്കുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രെഡിറ്റ് ചെയ്തു വരുന്നതായി വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പെൻഷനറുടെ വിവരം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണ രജി നം, തീയതി | മരണപ്പെട്ട സ്ഥലം | അനർഹമായി നല്കിയ തുക | ഡി.ബി.റ്റി സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | എം. കെ. ആനന്ദൻ പുതുശ്ശേരിൽ അഴിയിടത്തുചിറ | 103830201764 | 02/05/2021 | 2029/2021 11/05/2021 | കോട്ടയം മെഡിക്കൽ കോളേജ് | 28800 | ആക്ടീവ് |
| 2 | അമ്മിണി ചാക്കോ പുതുക്കേരികളത്തിൽ പെരുംതുരുത്തി | 103830100840 | 12/05/2022 | 2163/2022 20/05/2022 | കോട്ടയം മെഡിക്കൽ കോളേജ് | 9600 | ആക്ടീവ് |
| 3 | തങ്കമ്മ വഴിപ്പറമ്പിൽ അഴിയിടത്തുചിറ | 103830202191 | 26/05/2022 | 2464/2022 04/06/2022 | കോട്ടയം മെഡിക്കൽ കോളേജ് | 9600 | ആക്ടീവ് |
| 4 | അമ്മുക്കുട്ടി വാഴപ്പറമ്പിൽ അഴിയിടത്തുചിറ | 103830600796 | 04/12/2021 | 6204/2021 13/12/2021 | കോട്ടയം മെഡിക്കൽ കോളേജ് | 17600 | ആക്ടീവ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | രാധാഭായ് കിഴക്കേതിൽ പെരിങ്ങര | 103830200144 | 25/09/2021 | 983/2021 30/09/2021 | കോഴഞ്ചേരി ജില്ലാ ആശുപത്രി | 22400 | ആക്ടീവ് |
| 6 | തങ്കമ്മ കിഴക്കേതിൽ പെരിങ്ങര | 103830200010 | 29/09/2021 | 1004/2021 05/10/2021 | കോഴഞ്ചേരി ജില്ലാ ആശുപത്രി | 22400 | ആക്ടീവ് |
| 7 | കുര്യൻ എബ്രഹാം പനച്ചയിൽ, പെരുംതുരുത്തി | 103830200332 | 10/09/2021 | 134/2021 28/09/2021 | പെരിങ്ങര | 22400 | ആക്ടീവ് |
| 8 | തങ്കമ്മ അയ്യപ്പൻ കാണത്തറയിൽ, മേപ്രാൽ | 103830500010 | 16/12/2020 | 154/2021 28/10/2021 | പെരിങ്ങര | 34900 | ആക്ടീവ് |

മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/27.02.23) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. അങ്കണവാടി/ആശാവർക്കർമാരുടെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അർഹതയാല്ലാത്തതിനാൽ മേൽ തുക അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിച്ച് സർക്കാരിലേയ്ക്ക് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല: അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്

ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനു ശേഷം യഥാസമയം പെൻഷൻ വിതരണം സസ്പെന്റ് ചെയ്യാതിരുന്നതിനാൽ ക്ഷേമപെൻഷൻ തുക അവരുടെ മരണശേഷവും ബാങ്കിൽ നിക്ഷേപിക്കാനിടയായി. ഭൂരിപക്ഷം പെൻഷണർമാരുടെയും മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണ് പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം ഗുണഭോക്താക്കളുടെ മരണശേഷവും ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുകയും, ആയത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ ഇടയാകുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരിച്ച തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി |
|---|---|---|---|---|---|---|
| 1 | അമ്മുക്കുട്ടി വർഗ്ഗീസ് | 103830200212 | 19.04.2021 | 05/21- 01/22 | 14400 | 23.02.2022 |
| 2 | തോമസ് | 103830201148 | 29.04.2021 | 05/21-01/22 | 14400 | 23.02.2022 |
| 3 | തോമസ് വർഗ്ഗീസ് | 103830200324 | 30/04/2021 | 05/21-01/22 | 14400 | 19.02.2022 |
| 4 | കുര്യൻ ചാക്കോ | 103830200319 | 22.10.2021 | 11/21-09/22 | 17600 | 20.10.2022 |
| 5 | അമ്മുക്കുട്ടി വർഗ്ഗീസ് | 103830200212 | 19/04/2021 | 05/21-01/22 | 14400 | 23/02/2022 |
| 6 | യോഹന്നാൻ ജോർജ്ജ് | 103830201329 | 09/06/2021 | 07/21-01/22 | 11200 | 23/02/2022 |
| 7 | പ്രഭാകരൻ പി കെ | 103830201309 | 29/04/2021 | 05/21-01/22 | 14400 | 23/02/2022 |
| 8 | ചെല്ലമ്മ | 103830200057 | 21/04/2021 | 05/21-01/22 | 14400 | 23/02/2022 |
| 9 | ജോൺ ജോസഫ് | 103830201471 | 09/07/2021 | 08/21-01/22 | 9600 | 11/02/2022 |
| 10 | കൃഷ്ണൻകുട്ടി കെ. പി | 103830201812 | 16/05/2021 | 06/21-01/22 | 5800 | 23/02/2022 |

ടി പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ കൈപ്പറ്റിയ തുക അവരിൽനിന്നും തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക പെരുകുന്നു; നിലവിലെ ബാധ്യത 35.88 ലക്ഷം

364 പൊതു ടാപ്പുകൾക്ക് പ്രതിമാസം 167228 രൂപയായിരുന്നു വാട്ടർ അതോറിറ്റി പഞ്ചായത്തിൽനിന്നും ഡിമാന്റ് ചെയ്തിരുന്നത്. വെള്ളക്കരം പഞ്ചായത്ത് മുടക്കം കൂടാതെ ഒടുക്കുവരുത്തിയിട്ടില്ല. 2020 ജൂലായ് മുതൽ 2021 ജൂലായ് വരെ ഒരു വർഷക്കാലത്തെ വെള്ളക്കരം ഒടുക്കിയിട്ടില്ല. ഈ ഇനത്തിലുള്ള കുടിശികയും, കുടിശികയിന്മേലുള്ള പിഴപലിശയും ഉൾപ്പടെ 2021 സെപ്റ്റംബർ മാസാന്ത്യത്തിലെ പഞ്ചായത്തിന്റെ ബാധ്യത 2625158രൂപയായിരുന്നു. 2021 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വെള്ളക്കരം ഒരുമിച്ച് 09.11.2021-ൽ ഒടുക്കിയിട്ടുണ്ട്. തുടർന്ന് 2021 ഒക്ടോബർ, നവംബർ മാസങ്ങളിലെ വെള്ളക്കരം 23.12.21-ലും ഒടുക്കി. തുടർന്നുള്ള വെള്ളക്കരം അതത് മാസംതന്നെ ഒടുക്കുവരുത്തിവരുന്നു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കിയിരിക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലാത്തതാണെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ് (സ.ഉ.(സാധാ.)നം.1583/2012/തസ്വഭവ, തീയതി 11.06.2012). വെള്ളക്കര കുടിശികയിന്മേൽ വാട്ടർ അതോറിറ്റി പ്രതിമാസം 2% നിരക്കിലാണ് പിഴ പലിശ ഈടാക്കുന്നത്. കുടിശിക നിവാരണം ചെയ്യാത്തത് പഞ്ചായത്തിന്റെ ബാധ്യത നിയന്ത്രണാധീതമായി പെരുകുന്നതിന് ഇടയാക്കുന്നു. ഓഡിറ്റ് തീയതിയിൽ ഈ ഇനത്തിലുള്ള പഞ്ചായത്തിന്റെ ബാധ്യത 3588329 രൂപയാണ്. സർക്കാർ നിർദ്ദേശിച്ച പ്രകാരം യഥാസമയം വാട്ടർ ചാർജ്ജ് ഒടുക്കാതിരുന്നതിനാലാണ് ഇത്ര ഭീമമായ കുടിശിക ഉണ്ടാകാൻ ഇടയായിട്ടുള്ളത്.

സർക്കാർ നിർദ്ദേശ പ്രകാരം കാലാകലങ്ങളിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കുന്ന കാര്യത്തിലും അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. വർഷങ്ങളായി നിലവിലില്ലാത്ത പൊതുടാപ്പുകൾക്കായിരുന്നു പഞ്ചായത്ത് വെള്ളക്കരം നൽകി വന്നിരുന്നത്. 2022 നവംബർ മാസത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ നിലവിലുണ്ടായിരുന്ന 364 ടാപ്പുകളുടെ എണ്ണം 127ആയി ചുരുങ്ങുകയും, പ്രതിമാസ വെള്ളക്കര ബാധ്യത 61256 രൂപയായി കുറയുകയും ചെയ്തു. യഥാസമയം സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കാതിരുന്നത് മൂലം ഭീമമായ നഷ്ടമാണ് പഞ്ചായത്തിനുണ്ടായിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ മാത്രം കണക്കെടുത്താൽ 1271664 രൂപയുടെ നഷ്ടമാണ് ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായത്.

വാട്ടർ അതോറിറ്റിയുടെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി പിഴപലിശ ഒഴിവാക്കി വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് സത്വര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അർഹമായ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് പൊതുടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കി പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള ആവർത്തന ചെലവ് ഒഴിവാക്കുന്നതിനുള്ള സാധ്യതയും പഞ്ചായത്ത് ആരായേണ്ടതാണ്.

## 1-22 തെരുവ് വിളക്കുകളുടെ പരിപാലനം ഫലപ്രദമല്ല

തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ ഓഡിറ്റ് വർഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനോ, നിലവിലുള്ളവ അറ്റകുറ്റപ്പണി നടത്തി പ്രകാശിപ്പിക്കുന്നതിനോ പഞ്ചായത്ത് പദ്ധതികൾ ഒന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

2019-20സാമ്പത്തിക വർഷത്തെ 15-ാം നമ്പർ പ്രോജക്ടായി എല്ലാ വാർഡുകളിലും എൽ.ഇ.ഡി. ലൈറ്റ് സ്ഥിപിക്കൽ എന്ന പദ്ധതി പ്രകാരം KREWS എന്ന സ്ഥാപനം തെരുവ് വിളക്കുകൾ സ്ഥാപിച്ചിരുന്നു. ഇവയുടെ വാറന്റി കാലാവധി 2021സെപ്റ്റംബർ മാസത്തിൽ അവസാനിച്ചിട്ടുള്ളതാണ്. വാറന്റി കാലയളവിനുള്ളിൽതന്നെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിരുന്ന നിരവധി തെരുവ് വിളക്കുകൾ കത്തുന്നില്ലെന്ന് ജനപ്രതിധികൾ പഞ്ചായത്ത് കമ്മിറ്റിയിൽ പരാതി ഉന്നയിച്ചിട്ടുള്ളതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി പരിഹരിച്ചത് സംബന്ധിച്ച വിവരം ഇല്ല. 2021 സെപ്റ്റംബർ മാസത്തിനുശേഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ പഞ്ചായത്ത് ഫണ്ടിൽനിന്ന് നേരിട്ട് തുക ചെലവഴിച്ചോ, പ്രോജക്ട് മുഖാന്തിരമോ നിർവ്വഹിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതായും കണ്ടില്ല. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം ഫലപ്രദമല്ലെന്നാണ് ഓഡിറ്റിൽ വ്യക്തമാകുന്നത്. തെരുവ് വിളക്കുകളുടെ പരിപാലനം വ്യവസ്ഥാപിതവും, സുസ്ഥിരവുമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

ഇതിനായി അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃക അവലംബിക്കാവുന്നതാണ് (അടാട്ട് മോഡൽ അവലംബിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കുള്ള മാർഗ്ഗരേഖ 17.08.2015-ലെ ജ2-44274നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളത് കാണുക)

## 1-23 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2021-22 വർഷം 2.63 കോടി രൂപ അടങ്കലുണ്ടായിരുന്ന 75 മരാമത്ത് പ്രവൃത്തികളായിരുന്നു ആവിഷ്കരിച്ചിരുന്നത്. ഇതിൽ 1.22 കോടി രൂപ അടങ്കലുണ്ടായിരുന്ന 33 പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. നടപ്പിലാക്കാത്ത പ്രവൃത്തികളിൽ 15 എണ്ണം സ്പിൽ ഓവർ പദ്ധതികളാണെന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്ന തുകയിൽ 44.4% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ ഉദ്ദേശിച്ചാണ് ഏകവർഷ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. എന്നാൽ പഞ്ചായത്ത് ആവിഷ്കരിക്കുന്ന ഏകവർഷ പ്രോജക്ടുകളിൽ സിംഹഭാഗവും സമയബന്ധിതമായി പൂർത്തീകരിക്കാനാവാതെ സ്പിൽ ഓവർ ആകുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. സാമ്പത്തിക വർഷാരംഭത്തിൽതന്നെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ വർഷാന്ത്യത്തിലേക്ക് വലിച്ചിഴച്ചതായാണ് കണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ എണ്ണം</td><td>75</td></tr>
<tr><td>പുതിയ പ്രോജക്ടുകളുടെ എണ്ണം</td><td>41</td></tr>
<tr><td>സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം</td><td>34</td></tr>
<tr><td>ആകെ അടങ്കൽ</td><td>26259197</td></tr>
<tr><td>നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം</td><td>42 (New - 23, SO - 19)</td></tr>
<tr><td>ചെലവഴിച്ച തുക</td><td>11659264</td></tr>
<tr><td>ചെലവ് ശതമാനം</td><td>44.4%</td></tr>
<tr><td>ഓഡിറ്റ് വർഷം എഗ്രിമെന്റിൽ ഏർപ്പെട്ട പ്രവൃത്തികളുടെ വിവരം (എഗ്രിമെന്റ് വെച്ച മാസം, പ്രവൃത്തികളുടെ എണ്ണം)</td><td>35 (New - 28, SO - 7)<table><tr><td>11/2021</td><td>3</td></tr><tr><td>12/2021</td><td>11</td></tr><tr><td>01/2022</td><td>5</td></tr><tr><td>02/2022</td><td>7</td></tr><tr><td>03/2022</td><td>9</td></tr><tr><td>ആകെ</td><td>35</td></tr></table></td></tr>
<tr><td>എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കാത്തവയുടെ എണ്ണം</td><td>6 (108/22, 112/22, 19/22, 154/22, 8/22, 171/22)</td></tr>
</table>

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതവും, കാര്യക്ഷമമവുമല്ലെന്ന് മേൽ കാണിച്ചിരിക്കുന്ന വിവരങ്ങളിൽനിന്നും വ്യക്തമാണ്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ഉടർ നടപടികൾ സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്.

കരാർ ലംഘനങ്ങൾ മൂലം പഞ്ചായത്തിന് പദ്ധതി നിർവ്വഹണത്തിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് ലാപ്സാകുകയും, സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നു. വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-24 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് അരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൗണ്ട് തുറന്നിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇയ

തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് തുറക്കേണ്ടതാണ്.

## 1-25 പിരിച്ചെടുത്ത ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല; ലഭിക്കാൻ അവശേഷിക്കുന്നത് 159945 രൂപ

അസി.എഞ്ചിനീയർ ഓഡിറ്റിന് ലഭ്യമാക്കിയ കണക്ക് പ്രകാരം 2015-16 മുതൽ 2020-22 വരെ കാലയളവിൽ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽനിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 159945 പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ ആവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടറുകളുടെ എണ്ണം | തുക |
|---|---|---|
| 2015-16 | 8 | 10500 |
| 2019-20 | 18 | 29238 |
| 2020-21 | 28 | 46467 |
| 2021-22 | 51 | 73740 |
| ആകെ | | 159945 |

മേൽ പറഞ്ഞ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 159945 രൂപ ഗ്രാമപഞ്ചായത്തിന് അർഹമായ തുകയാണ്. ആയത് മടക്കി വാങ്ങി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു; കരാറുകാരന്റെ ജാമ്യനിക്ഷേപം കണ്ട് കെട്ടണം

പ്രോജക്റ്റ് നം. - 25/22

അടങ്കൽ - 710000

കരാറുകാരൻ - ശ്രീ യോഹന്നാൻ പി .സി.

ചെലവ് - 387625

എം.ബുക്ക് നം. 32/21-22

ബിൽ നം.21050752008501443112/24.03.22

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചിറപ്പറമ്പിൽപ്പടി കുഴിപ്പറമ്പിൽപ്പടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി കരാറുകാരൻ പാതി വഴിയിൽ ഉപേക്ഷിച്ചു. ഭാഗീകമായി പണി നടത്തി പ്രവൃത്തി അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

25.01.2022-ൽ നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ യോഹന്നാൻ പി.സി. എന്നയാൾക്കാണ് കരാർ ലഭിച്ചത്. ടിയാൻ 17.02.2022-ലെ 32/AE/LSGD/PER നമ്പർ പ്രകാരം പ്രവൃത്തി നടത്തുന്നതിന് കരാറിലേർപ്പെട്ടു. കരാറുകാരൻ 21.02.2022-ൽ പ്രവൃത്തി ആരംഭിക്കുകയും, 22.03.2022-ൽ പ്രവൃത്തി ഭാഗീകമായി പൂർത്തിയാക്കി പാർട്ട് ബിൽ സമർപ്പിക്കുകയും ചെയ്തു. പാർട്ടബിൽ പ്രകാരം 387625 രൂപയുടെ പ്രവൃത്തിയാണ് ചെയ്തത്. പാർട്ട് ബില്ലിൽനിന്നും 1% നിരക്കിൽ ആദായനികുതിയും (3461), ക്ഷേമ നിധി വിഹിതവും (3461), 2% ജി.എസ്.ടി-യും (6922) ഉൾപ്പടെ ആകെ 13844രൂപ കിഴിച്ച് 373781രൂപ കരാറുകാരന് പ്രതിഫലം നൽകി. പാർട്ട് ബില്ലിൽനിന്നും 2.5% റീടെൻഷൻ തുക ഈടാക്കാതെയാണ് കരാറുകാരന് പാർട്ട് ബിൽ തുക നൽകിയത്. 27 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും, 84 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനും 710000 രൂപയുടെ എസ്റ്റിമേറ്റായിരുന്നു തയ്യാറാക്കിയിരുന്നത്. സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി കരാറുകാരൻ നടത്തിയിട്ടില്ല. എസ്റ്റിമേറ്റിലെ ഭാഗം 1-ലെ 1 മുതൽ 6 വരെ ഇനങ്ങൾ നടത്താതെ ഭാഗം-2-ലെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ

മാത്രമാണ് പൂർത്തിയാക്കിയത്.

24.03.2022-ൽ പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. ഈ പ്രവൃത്തി 2022-23-ൽ സ്പിൽഓവറായി നിലനിർത്തിയിട്ടില്ല. പ്രവൃത്തി ഭാഗീകമായി ചെയ്തതിനുശേഷം ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിയമാനുസൃതം നോട്ടീസ് നൽകി പതിനാല് ദിവസങ്ങൾക്കുശേഷം കരാർ റദ്ദ്ചെയ്ത് പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം പൂർത്തിയാക്കുന്നതിനും അങ്ങനെ ചെയ്യുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽനിന്നും സ്ഥാവരജംഗമ സ്വത്തുകളിൽ നിന്നും ഈടാക്കുന്നതിനും കരാർ ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. എന്നാൽ കരാർ ഉടമ്പടി പ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ ഒന്നും കരാറുകാരനെതിരെ സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല പാർട്ട് ബില്ലിൽനിന്നും നിയമാനുസൃതമുള്ള റീടെൻഷൻ തുക ഈടാക്കാതിരുന്നതും വീഴ്ചയാണ്.

ക്ലോഷർ എഗ്രിമെന്റ് വെച്ച് കരാർ അവസാനിപ്പിക്കാതിരുന്നതും, കരാറുകാരൻ പ്രവൃത്തിക്ക് പഞ്ചായത്തിൽ കെട്ടിവെച്ചിട്ടുള്ള ജാമ്യനിക്ഷേപം സംബന്ധിച്ച് തീരുമാനം കൈകൊള്ളാതിരുന്നതും വീഴ്ചയാണ്. പദ്ധതി അതിന്റെ ഭൗതിക ലക്ഷ്യം കൈവരിക്കാതെ പാതി വഴിയിൽ ഉപേക്ഷിച്ചതു കാരണം പ്രവൃത്തിക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും വകയിരുത്തിയ തുകയിൽ 322375 രൂപ ചെലവഴിക്കാനാവാതെ ലാപ്സാകുന്നതിന് ഇടയായി. പ്രോജക്ട് നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഈ പ്രവൃത്തിയുടെ ജാമ്യനിക്ഷേപം കണ്ട് കെട്ടി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ഹോമിയോ ആശുപത്രി മെയിന്റനൻസ് പദ്ധതി മുടങ്ങിക്കിടക്കുന്നു - ചെലവഴിച്ച തുക ഫലശൂന്യം

പ്രോജക്ട് നം. 89/20

അടങ്കൽ - 200000

കരാറുകാരൻ - ശ്രീ ബിനോയ് വി.

ചെലവ് - 158427

എം.ബുക്ക് നം. 67/20-21

പാർട്ട് ബിൽ തുക – 158427

ബിൽ നം., തീ. - 21050752008501472878/26.03.22

2020-21വാർഷിക പദ്ധതിയുടെ ഭാഗമായി ഹോമിയോ ഡിസ്പൻസറി മെയിന്റനൻസ് നടത്തുന്നതിന് 2 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി. 17.07.2020-ൽ നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ ബിനോയ് വി. എന്നയാളാണ് പ്രവൃത്തിയുടെ കരാറെടുത്തത്. ഹോമിയോ ഹോസ്പിറ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു മുറികൂടി നിർമ്മിക്കുന്നതിനും, ക്യാബിൻ തിരിക്കുന്നതിനും മുറി പാർട്ടീഷൻ ചെയ്യുന്നതിനും രണ്ട് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റിൽ പ്രോവിഷൻ നൽകിയിരുന്നത്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം 25.02.2021-ൽ പ്രവൃത്തി ആരംഭിക്കുകയും, 26.03.2021-ൽ പ്രവൃത്തി ഭാഗീകമായി പൂർത്തിയാക്കി പാർട്ട് ബിൽ സമർപ്പിക്കുകയും ചെയ്തു. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 158427രൂപയുടെ പ്രവൃത്തി നടത്തി. നികുതികളും, ക്ഷേമനിധിവിഹിതവും, 2.5% റീടെൻഷൻ തുകയും കിഴിച്ച് കരാറുകാരന് 148949 രൂപ പ്രതിഫലം നൽകി. പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പ്രവൃത്തി നടത്തിയിട്ടില്ല.

ടെണ്ടർ നോട്ടീസ് എഗ്രിമെന്റ് എന്നിവ പ്രകാരം ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസമായിരുന്നു. എന്നാൽ പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ച് രണ്ടര വർഷം പിന്നിട്ടിട്ടും കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, നിയമാനുസൃതം പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള യാതൊരു തുടർനടപടികളും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല.

പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനാൽ പ്രവൃത്തി നടത്തിയതുകൊണ്ടുള്ള പൂർണ്ണ പ്രയോജനം സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ടോയ്‌ലറ്റുകളിൽ ക്ലോസറ്റ് പിടിപ്പിക്കുയോ, വാട്ടർ കണക്ഷൻ നൽകുകയോ ചെയ്തിട്ടില്ലെന്നും, ഇക്കാരണത്താൽ ഇവ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്നും ഹോമിയോ ഡിസ്പൻസറിയുടെ ചുമതലയുള്ള ഡോക്ടർ അറിയിച്ചു.

പ്രവൃത്തി കരാർ കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് വീഴ്ച വരുത്തിയ കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ

പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്. പ്രവൃത്തി അതിന്റെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച തുകയിൽ ഗണ്യമായ ഭാഗവും, ഫലശൂന്യമായ സ്ഥിതിയിലാണ്. അവശേഷിച്ച പ്രവൃത്തി കരാറുകാരനെകൊണ്ട് എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഡ്രൈ റബിൾ മേസൺറി (DR Masonry) പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

2021-22-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം.26/22പ്രകാരം നടപ്പിലാക്കിയ ചെറുകരപ്പടി കളത്തിപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ഭാഗമായി സംരക്ഷണഭിത്തി നിർമ്മിക്കുന്ന (DR Masonry) ഇനം പ്രവൃത്തിക്ക് കരാറുകാരന് അധിക നിരക്കിൽ പ്രതിഫലം നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ള പ്രവൃത്തികളുടെ സംഗതിയിൽ DR Masonry പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഘന മീറ്ററിന് 2809.90രൂപ നിരക്കായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ തദ്ദേശഭരണ വകുപ്പിൽ 2021 നവംബർ 1 മുതൽ DSR 2018 നടപ്പിലാക്കിയതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ DR Masonry പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റയ്ക്ക് പകരം Through/Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ബാധകമായ സ്പെസിഫിക്കേഷനും (75.7.1) നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. Through/Bond Stone പ്രവൃത്തിക്ക് ഉപയോഗിക്കാത്ത സാഹചര്യത്തിൽ DSR 60.7.1 പ്രകാരമുള്ള സ്പോസിഫിക്കേഷനും, നിരക്കുമായിരുന്നു അവലംബിക്കേണ്ടിയിരുന്നത്. അനുവദനീയമായതിൽ അധികം നിരക്ക് അനുവദിച്ച ഇനത്തിൽ 18829 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

മുൻ വർഷങ്ങളിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ പഞ്ചായത്ത് ചുവടെ ചേർക്കും പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി, പൂർത്തീകരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

| പ്രോ.നം | വർഷം | പ്രോജക്ടിന്റെ പേര് | ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 42 | 2016-2017 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ ഇൻ വാർഡ് 7, 8 | കെ.എസ്.ഇ.ബി. | 97275 |
| 43 | 2016-2017 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഇൻ വാർഡ് 14 | കേരള വാട്ടർ അതോറിറ്റി | 50000 |
| 45 | 2016-2017 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 3,5,9,13) | കെ.എസ്.ഇ.ബി. | 125000 |
| 113 | 2016-2017 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ഇൻ താഴ്ച്ചപ്പടവ് എസ് സി കോളനി വാർഡ് 1 | കേരള വാട്ടർ അതോറിറ്റി | 250000 |
| 140 | 2016-2017 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി. | 875988 |
| 141 | 2016-2017 | വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 100000 |
| 166 | 2016-2017 | 7,11വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | കേരള വാട്ടർ അതോറിറ്റി | 63000 |
| 8 | 2017-2018 | പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 1200000 |
| 70 | 2017-2018 | 6,14 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | കേരള വാട്ടർ അതോറിറ്റി | 243000 |
| 73 | 2017-2018 | 3,11 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 155325 |
| 79 | 2017-2018 | വിവിധ വാർഡുകളില് സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി. | 1170625 |

| | | | | |
|---|---|---|---|---|
| 188 | 2017-2018 | 5, 6 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 103785 |
| 13 | 2019-2020 | എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി. | 1124534 |
| 151 | 2019-2020 | പൈപ്പ് ലൈൻ വലിക്കൽ (3-ാം വാർഡ് തണങ്ങാട് കോളനി) | കേരള വാട്ടർ അതോറിറ്റി | 77000 |
| 93 | 2020-2021 | എല്ലാ വാർഡുകളിലും ഗാർഹിക കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 1460000 |
| 108 | 2020-2021 | എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി. | 365449 |

ടി ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-30 ആസ്തി രജിസ്റ്റർ അപൂർണ്ണം

ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ ചിട്ടപ്പെടുത്തുന്നതിന് കർശന നിർദ്ദേശങ്ങൾ നിരവധി തവണ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണെങ്കിലും ഇക്കാര്യത്തിൽ വലിയ വീഴ്ചയാണ് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ കാലികമല്ലെന്നുമാത്രമല്ല പഞ്ചായത്തിന്റെ ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള വസ്തുവകളുടെ വിവരങ്ങൾ ഒന്നും തന്നെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ .... അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും ആറ് അങ്കണവാടികളുടെ വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഒട്ടേറെ വില്ലേജ് റോഡുകളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ അവശേഷിക്കുന്നതായാണ് പരിശോധനയിൽ കണ്ടത്. ആസ്തി രജിസ്റ്ററിൽ പുതുതായി റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും നിരന്തരം ഉയർന്നു വരുന്നതായി മിനിട്സ് പരിശോധിച്ചതിൽ വ്യക്തമായി.

ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ആസ്തികളുടെ മെയിന്റനൻസിന് ആവിഷ്കരിക്കുന്ന പ്രോജക്ടുകളിൽ ബന്ധപ്പെട്ട ആസ്തിയുടെ യുണീക് നമ്പർ നിർബന്ധമായും ചേർക്കേണ്ടതാണ്. എന്നാൽ ആസ്തി രജിസ്റ്റർ അപൂർണ്ണമായതിനാൽ പ്രജക്ടുകളിൽ ഇത് ചേർക്കാതിരിക്കുകയോ, തെറ്റായി ചേർക്കുകയോ ചെയ്യുന്നു. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

ഡിജിറ്റിലൈസ് ചെയ്ത രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം ആസ്തി രജിസ്റ്റർ തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതകൾ തിരുത്തുകയും ഉൾപ്പെടുത്താൻ വിട്ടുപോയ ആസ്തികളുടെയും രജിസ്റ്റർ തയ്യാറാക്കിയതിനുശേഷം ആർജ്ജിച്ച ആസ്തികളുടെയും വിവരങ്ങൾ കൂട്ടിചേർക്കുകയും ചെയ്യേണ്ടതാണ്.

## 1-31 പഞ്ചായത്ത് മിനി സ്റ്റേഡിയം അവഗണനയിൽ

പഞ്ചായത്തിലെ ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചാലക്കുഴി മിനി സ്റ്റേഡിയത്തിന്റെ അവസ്ഥ ശോചനീയമാണ്. മിനി സ്റ്റേഡിയം എന്ന് വിളിപ്പേരുണ്ടെങ്കിലും പുല്ലുമൂടിയ മൈതാനം മാത്രമാണ് ഇവിടെയുള്ളതെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. നിലവിൽ പരിസര വാസികൾ കന്നുകാലികളെ മേയിക്കുന്നതിനും, ലോറികൾ ഉൾപ്പടെയുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുമാണ് സ്റ്റേഡിയം ഉപയോഗപ്പെടുത്തുന്നത്. മിനി സ്റ്റേഡിയം കായിക പ്രവർത്തനങ്ങൾക്ക് യോഗ്യമല്ലാതായി കിടക്കുകയാണെന്നും, ആയതിന് പരിഹാരം കാണണമെന്നും വാർഡിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധി ഉൾപ്പടെയുള്ളവർ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് മുമ്പാകെ ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ സ്റ്റേഡിയത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും തന്നെ

പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.



പഞ്ചായത്തിന്റെ പേരിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മിനി സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലായ വർഷം, വില കൊടുത്തു വാങ്ങിയതാണോ, മറ്റ് തരത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായതാണോ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. കൂടാതെ സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കു വരവ് നടത്തി കരം തീർത്തിട്ടുണ്ടോയെന്നും, വസ്തുവിന്റെ ആധാരം പഞ്ചായത്തിൽ ലഭ്യമാണോ തുടങ്ങിയ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു ഗ്രാമപഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും, ഒരു വാർഡിൽ ഒരു കളി സ്ഥലവുമെന്നത് 13-ാം പഞ്ചവത്സര പദ്ധതിയിലെ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ (സ്ഥലം വാങ്ങൽ ഉൾപ്പടെ) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. അവഗണക്കപ്പെട്ടു കിടക്കുന്ന പഞ്ചായത്ത് മിനി സ്റ്റേഡിയം പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 പ്രോജക്ടുകൾക്ക് വകയിരുത്തിയ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാതെ ലാപ്സാക്കി

2021-22 സാമ്പത്തിക വർഷം സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാതിരിക്കുകയോ, നടപ്പിലാക്കിയ പ്രോജക്ടുകളുടെ കാര്യത്തിൽ വകയിരുത്തിയ ഫണ്ടിൽ ഗണ്യമായ ഭാഗവും ചെലവഴിക്കാതിരിക്കുകയോ ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജനം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം | ചെലവഴിച്ച തുക | ലാപ്സാക്കിയ തുക |
|---|---|---|---|---|---|
| 27 | ലൈഫ് ജാക്കറ്റ് വാങ്ങൽ | 100000 | തനത് ഫണ്ട് | 0 | 0 |
| 131 | പടവിനകം വാച്ചാൽതോട് സംരക്ഷണം(ചെയ്ത പ്രവൃത്തി പ്രൊജക്ട് വെച്ച് സാധൂകരിക്കൽ) - (SO) | 49007 | തനത് ഫണ്ട് | 0 | 0 |
| 132 | കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർ സർവ്വീസ് രൂപീകരണം (SO) | 50000 | തനത് ഫണ്ട് | 0 | 0 |
| 157 | പഞ്ചായത്തിൻറെ വെള്ളക്കരം അടയ്ക്കൽ | 500000 | മെയിന്റനൻസ് ഗ്രാന്റ് | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| 175 | പഞ്ചായത്തിന് ഹൈസ്പീഡ് സ്കാനർ വാങ്ങൽ | 150000 | തനത് ഫണ്ട് | 0 | 0 |
| 185 | മുൻകാല റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ | 50000 | തനത് ഫണ്ട് | 0 | 0 |
| 77 | സി എഫ് എൽ റ്റി സി ഡി സി സി സെന്ററുകൾക്ക് അടിസ്ഥാന സൌകര്യം ഒരുക്കൽ | 1500000 | തനത് ഫണ്ട് | 426973 | 0 |
| 79 | ഇലക്ട്രിസിറ്റി ലൈൻ വലിക്കൽ | 1500000 | വികസന ഫണ്ട് | 1047368 | 452632 |
| 81 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 1104000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 446150 | 657850 |
| 47 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ | 150000 | മെയിന്റനൻസ് ഗ്രാന്റ് | 95000 | 55000 |

157, 79, 81, 47 എന്നീ നമ്പർ പ്രോജക്ടുകൾ വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കാതിരുന്നതിനാൽ ഇവയ്ക്ക് വകയിരുത്തിയ വികസനഫണ്ട്/മെയിന്റൻസ് ഗ്രാന്റിൽ 1665482 രൂപ ചെലവഴിക്കപ്പെടാതെ ലാപ്സാകുന്നതിന് ഇടയായി. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രോജക്ടിൽ വകയിരുത്തുന്ന ഫണ്ടുകൾ, പ്രത്യേകിച്ച് പ്ലാൻ/മെയിന്റനൻസ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ബാലസഭാ പ്രവർത്തനം - പദ്ധതി തുക മൊബൈൽ ഫോൺ വിതരണം ചെയ്യുന്നതിന് വകമാറ്റി

2021-22 സാമ്പത്തിക വർഷം ബാലസഭാ പ്രവർത്തനങ്ങൾക്കായി പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും പ്രോജക്ട് നം.6/22 പ്രകാരം അസി. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 50000രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. പ്രസ്തുത തുക 30-09/08/2021 നമ്പർ ബിൽ പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി സെൻട്രൽ ബാങ്ക്, കാവുംഭാഗം ശാഖയിൽ ആരംഭിച്ചിട്ടുള്ള 3628839011 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. പ്രസ്തുത തുകയും മുൻവർഷങ്ങളിൽ ഈ ഇനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയും ചേർത്ത് 120000 രൂപ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായി സ്മാർട്ട് ഫോൺ വാങ്ങി വിതരണം ചെയ്യുന്നതിന് ചെലവഴിച്ചു. പഞ്ചായത്തിലെ 153 കുടുംബശ്രീ യൂണിറ്റുകളിൽനിന്നും സംഭാവനയായി പിരിച്ച 222400 രൂപയും പഞ്ചായത്തിൽനിന്നും അനുവദിച്ച 15000രൂപയും, ബാലസഭാ അക്കൗണ്ടിൽനിന്നുള്ള 120000രൂപയും ചേർത്ത് 357400രൂപയാണ് 60 ഫോൺ വാങ്ങുന്നതിന് ചെലവഴിച്ചത്. ടെണ്ടറോ, ക്വട്ടേഷനോ ക്ഷണിക്കാതെ നേരിട്ടാണ് ഇത്രയും തുകയ്ക്കുള്ള പർച്ചേസ് സി.ഡി.എസ-ന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുള്ളത്

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അയൽക്കൂട്ടമാണ് ബാലസഭ. വിവിധങ്ങളായ ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ കുട്ടികളുടെ കഴിവുകൾ/ശേഷികൾ വിപുലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ബാലസഭാ പ്രവർത്തനത്തിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ബാലസഭാ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കുടുംബശ്രീ മിഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ബാലസഭാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായാണ് കുട്ടികൾക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യുന്നതിന് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്.

വിദ്യാർത്ഥികൾക്കായി ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യകത പരിശോധിച്ച് ടെലിവിഷൻ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇവയ്ക്ക് പകരമായി ടാബ്/സ്മാർട്ട് ഫോൺ

എന്നിവ വാങ്ങി നൽകാവുന്നതല്ലെന്ന് പ്രസ്തുത സർക്കുലറിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു (സർക്കുലർ നം.എഫ്.എം.2/148/2020/തസ്വഭവ, തീ.22.09.2020). പ്രസ്തുത സർക്കാർ നിർദ്ദേശം പ്രാബല്യത്തിൽ ഇരിക്കേയാണ് ബാലസഭാ പ്രവർത്തനത്തിന് വകയിരുത്തിയ തുക സ്മാർട്ട്ഫോൺ വിതരണത്തിനായി വകമാറ്റിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 120000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന് ഉചിതമാർഗ്ഗേണ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - ജി.പി.എസ്. റിപ്പോർട്ട് ഹാജരാക്കാതെ കരാറുകാരന് തുക നൽകി

ഓഡിറ്റ് വർഷം കുടിവെള്ള ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ ശ്രീ റെന്നി തോമസ് എന്നയാൾക്ക് ചുവടെ ചേർക്കും പ്രകാരം 97856 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്.

| കുടിവെള്ള വിതരണം നടത്തിയ കാലയളവ് | ലോഡുകളുടെ എണ്ണം | നിരക്ക് | തുക | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 10.04.2021 മുതൽ 22.05.2021 വരെ | 27 | 1349 | 36423 | 301872/26.07.21 |
| 25.05.2021 മുതൽ 31.05.2021 | 46 | 1349 | 61433 | 673062/18.11.21 |
| ആകെ | | | 97856 | |

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി 15.02.2021-ലെ സ.ഉ.(സാധാ) നം.446/2021 /തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് ചെലവ് നടത്തിയിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം GPSഘടിപ്പിച്ച ടാങ്കറുകളിൽ ഗുണനിലവാരം ഉറപ്പുവരുത്തി കുടിവെള്ള വിതരണം നടത്തുന്നതിനാണ് അനുമതി നൽകിയിരുന്നത്. GPS ലോഗും, വാഹനത്തിന്റെ ലോഗ് ബുക്കും താരതമ്യം ചെയ്ത് പരിശോധിച്ച് സുതാര്യത ഉറപ്പു വരുത്തിയ ശേഷമായിരിക്കണം ചെലവ് ചെയ്യേണ്ടത്. എന്നാൽ ജി.പി.എസ്. ലോഗിന്റെ അടിസ്ഥാനത്തിലല്ല കരാറുകാരന് തുക നൽകിയിട്ടുള്ളത്. 10.04.2021 മുതൽ 02.05.2021വരെ മാത്രമേ GPS പ്രവർത്തിച്ചിരുന്നുള്ളൂ. അതിനുശേഷം GPS കേടായതിനാൽ റിപ്പോർട്ട് എടുക്കാൻ സാധിച്ചിട്ടില്ലെന്നാണ് കരാറുകാരൻ അറിയിച്ചിട്ടുള്ളത്. അതുപൊലെ തന്നെ വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ചത് സംബന്ധിച്ച് രേഖയില്ല. വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽനിന്നാണ് കുടിവെള്ളം ശേഖരിച്ചതെന്നതിനും തെളിവില്ല. ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ പേയ്മെന്റ് നൽകിയ സാഹചര്യത്തിൽ ജലവിതരണം നടത്തി എന്നതിന്റെ തെളിവായി പ്രദേശത്തെ വാർഡ് മെമ്പറും, പഞ്ചായത്ത് സെക്രട്ടറിയും ദൈനംദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ചെലവ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ചെലവ് തുക (₹97856) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/21.02.23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി.പി.എസ്. പ്രവർത്തിയ്ക്കാത്ത കാലയളവിലുള്ള തുക നൽകുന്നതിന് തടസ്സമുള്ള വിവരം സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചിട്ടുള്ളതാണെന്നും കുടിവെള്ള വിതരണം ചെയ്തിട്ടുള്ളതായി കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ട് തുക അനുവദിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പേയ്മെന്റ് നൽകിയിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കി. വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽനിന്ന് കുടിവെള്ളം ശേഖരിച്ചിട്ടുള്ളതിന്റെ സാക്ഷ്യപത്രം ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

## 1-35 മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (സി. എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി 2,99,945/-രൂപ ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ-തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ/ തുക | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|
| 39/21-22 സാന്ത്വന | 2,99,945/- ബിൽനം.6/21-22dt | PRF 2936 Dt 13-12-2022 | 2,99,945 |

| | | | |
|---|---|---|---|
| പരിചരണം | 28-12-22 | | |

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി(പ്രോ.നം. 45/22 (എസ്സ് സി പി)) - കരാർ വച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല 5 ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റി പണി ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/22.02.2023) എല്ലാ ഗുണഭോക്താക്കളുടേയും നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി വി ഇ ഒ അറിയിച്ചു. പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | 31.03.2022 തീയതി വരെ കൈപ്പറ്റിയ തുക/ തീയതി |
|---|---|---|
| 1 | ബിന്ദു സി ആർ<br>പാറത്തറ തുണ്ടിയിൽ | 40000 (മുൻകൂർ) – 26.8.2021 |
| 2 | ജയപ്രകാശ് കെ<br>എരിയിരത്ത് കിഴക്കേതിൽ | 40000(മുൻകൂർ) – 28.12.2021 |
| 3 | സജിത്ത് കുമാർ കെ എം<br>ആറ്റുപാറയിൽ | 40000(മുൻകൂർ) – 26.8.2021 |
| 4 | തങ്കമ്മ<br>താഴ്ചപ്പടവ് | 200000<br>40000 – 11.08.2021<br>160000- 29.10.2021 |
| 5 | ഉഷാകുമാരി<br>കുമാരന്റെ പടിയിൽ | 360000<br>40000 – 11.8.21<br>60000 – 19.3.2022<br>160000 – 29.10.2021<br>100000 – 28.12.2021 |
| 6 | ശരണ്യാ ജി സുരേന്ദ്രൻ<br>ചക്കളത്തുകാവിൽ | 40000(മുൻകൂർ) – 11.08.2021 |
| 7 | സോമൻ<br>മുണ്ടകത്തിൽ | 360000<br>40000 – 28.02.2021<br>100000 – 14.07.2021<br>60000 – 26.08.2021<br>160000 – 29.03.2021 |
| 8 | ഉഷാ കുമാരി<br>തോപ്പിൽ | 360000<br>40000 – 11.08.2021<br>100000 – 16.02.2022<br>60000 – 19.03.2022<br>160000 – 06.01.2022 |
| 9 | ശാന്തമ്മ<br>കാഞ്ഞിരത്തും മൂട്ടിൽ | 40000(മുൻകൂർ) – 11.08.2021 |

## 1-37 പഴയ ഓടുകൾ ലേലം ചെയ്തില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 22.01.2021, 29.06.2021 തീയതികളിലെ തീരുമാനപ്രകാരം യഥാക്രമം മേപ്രാൽ, ഇടിഞ്ഞില്ലം സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുന്ന പഴയ ഓടുകൾ , മറ്റു സാധനങ്ങൾ ഇവ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. ലേലവിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.10/25.02.2023) നൽകിയതിന് ഇടിഞ്ഞില്ലം സ്കൂളിൽ സൂക്ഷിച്ചിരുന്ന ഓടുകൾ പൂർണ്ണമായും മേപ്രാൽ എൽ പി സ്കൂളിൽ സൂക്ഷിച്ചിരുന്ന

ഓടുകൾ ഭാഗികമായും പൂന്തോട്ട നിർമ്മാണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും അവശേഷിക്കുന്നവ അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചത്. ഓടുകൾ ലേലം ചെയ്തു നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-38 സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ചതും 31.03.2022ൽ ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാപ്പഞ്ചായത്ത് വിഹിതം | |
| നെല്ല് ഉത്പാദനത്തിന് സബ്സിഡി | 1628600 |
| സമഗ്ര നെൽകൃഷി വികസനം | 789459 |
| അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം | 31254 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | |
| ലൈഫ്(ജനറൽ) | 490875 |
| ഗാർഹിക ഉണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ | 232500 |
| ഭവന പുനരുദ്ധാരണം | 68000 |

ബ്ളോക്ക്, ജില്ലാപ്പഞ്ചായത്ത് ഫണ്ടുകൾ ചെലവഴിക്കാൻ കഴിയാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-39 വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഓഡിറ്റ് കാലയളവിലെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 10.02.2022-ലെ 125496 നമ്പർ ചെക്ക് പ്രകാരം 226957രൂപ വാട്ടർ അതോറിറ്റി പഞ്ചായത്തിന് മടക്കി നൽകിയിട്ടുള്ളതായി കണ്ടു. 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം.14/20പ്രകാരം ഗാർഹിക കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തി നടത്തിയതിനുശേഷം മിച്ചം വന്ന തുകയാണ് ഇപ്രകാരം മടക്കി ലഭിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ട് തനത് ഫണ്ടിൽ സൂക്ഷിച്ച് പഞ്ചായത്തിന്റെ ദൈനംദിന ചിലവുകൾക്കായി വകമാറ്റി ചെലവഴിക്കാവുന്നതല്ല. പ്രസ്തുത തുക സർക്കാർ നിർദ്ദേശാനുസരണം ജൽജീവൻ പദ്ധതിയ്ക്കായി വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-40 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിനും 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഒരു പ്രമേയം മൂലം ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം എന്ന നിലയ്ക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ചട്ടപ്രകാരമുള്ള ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഫണ്ട് ഗ്രാമപ്പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് സ്വീകരിക്കാവുന്നതാണ്.

## 1-41 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപ്പഞ്ചായത്തിൽ 24 അങ്കണവാടികളിൽ ഉള്ളതിൽ പത്ത് എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പതിമൂന്നെണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടകരഹിതമായ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി പ്രവർത്തിച്ചിരുന്ന രണ്ട് അംഗനവാടികൾ (നം. 102, 108) അൺഫിറ്റ് ആയതിനെതുടർന്ന് വാടകകെട്ടിടത്തിലേക്ക് മാറിയിട്ടുണ്ട് എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ടി അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടി

ഉണ്ടാകേണ്ടതാണ്. എല്ലാ അംഗനവാടികൾക്കും വൈദ്യുതി കണക്ഷനം കുടിവെള്ള കണക്ഷനം ശൌചാലയ സൌകര്യവും ഉണ്ട്. 10 അംഗനവാടികൾ ചുറ്റമതിൽ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. അംഗനവാടികൾക്ക് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിസന്ധിയിൽ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 3/2019ലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തില് 28 ഹരിതകർമ്മസേനാംഗങ്ങളാണ് കർമ്മ നിരതരായിട്ടുള്ളത്. 15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 6, 13-ാം വാർഡുകളിലൊഴിച്ച് മറ്റെല്ലാ വാർഡുകളിലും ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്.

യൂസർഫീയായി 70250/-രൂപയാണ് ലഭ്യമായിട്ടുള്ളത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു. ജനങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളുമായി സഹകരിക്കാത്തതും, യൂസർ ഫീസ് നൽകാൻ വിമുഖത കാണിക്കുന്നതുമാണ് പ്രശ്നം. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് വ്യക്തമാണ് .ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ പിരിച്ചെടുക്കുന്ന യൂസർഫീസ് അപര്യാപ്തമാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് അടിസ്ഥാന വേതനം പോലും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിച്ച് സുസ്ഥിരമാക്കുന്നതിനും, ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാന്യമായ വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ച് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി 190497/- രൂപ നൽകിയിട്ടുണ്ട്.

വീട്ടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ അയയ്ക്കുന്നു. തുടർന്ന് തരംതിരിച്ച മാലിന്യം പുനഃരുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുന്നു എന്നതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതി. ഇതിനായുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ ഒരുക്കിയിട്ടില്ല. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) ഇല്ലാത്തതിനാൽ മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തരം തിരിച്ച് ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും സാധിക്കുന്നില്ല എന്ന വസ്തുത പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ആഡിററ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഹരിത കർമ്മ സേനാംഗങ്ങൾക്ക് അടിസ്ഥാന വേതനം ഉറപ്പുവരുത്തുക.

2. തരം തിരിച്ച്ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾക്കും, റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾക്കും മതിയായ സകര്യം ഏർപ്പെടുത്തുക.

3. ഖരമാലിന്യ സംസ്കരണത്തെപ്പററി പൊതു ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുക.

4. ഹരിത കർമ്മ സേനാംഗങ്ങൾ സജീവമല്ലാത്ത 6,13 വാർഡുകളിൽ കുടുംബ ശ്രീ സി.ഡി.എസ്. കളിൽ നിന്നും

അനുയോജ്യരായവെ കണ്ടെത്തി മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ് മുഖാന്തിരം പരിസീലനം നൽകി നിയോഗിക്കാവുന്നതാണ്.

5. ഉറവിടത്തിൽ മാലിന്യ സംസ്കരണം, ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ, ഹരിത സഹായ സ്ഥാപനങ്ങൾ എന്നിവ കൃത്യമായി മോണിററർ ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 DR മേസൺറി പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; അധികം നൽകിയ 18829 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | : S026/22 |
| പ്രവൃത്തിയുടെ പേര് | : ചെറുകരപ്പടി കളത്തിപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് |
| അടങ്കല് | : ₹710000 |
| ചെലവ് | : ₹506574 |
| ബിൽ നം. | : 21050752008501472911/26.03.2022 |
| എം.ബുക്ക് നം. | : 6/2021-2022 |

2021-22-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്റ്റ് നം.26/22പ്രകാരം നടപ്പിലാക്കിയ ചെറുകരപ്പടി കളത്തിപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ഭാഗമായി സംരക്ഷണഭിത്തി നിർമ്മിക്കുന്ന (DR Masonry) ഇനം പ്രവൃത്തിക്ക് കരാറുകാരന് അധിക നിരക്കിൽ പ്രതിഫലം നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ള പ്രവൃത്തികളുടെ സംഗതിയിൽ DR Masonry പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഘന മീറ്ററിന് 2809.90 രൂപ നിരക്കായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ തദ്ദേശഭരണ വകുപ്പിൽ 2021 നവംബർ 1 മുതൽ DSR 2018 നടപ്പിലാക്കിയതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ DR Masonry പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റയ്ക്ക് പകരം Throguh/Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ബാധകമായ സ്പെസിഫിക്കേഷനും (75.7.1) നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. Throguh/Bond Stone പ്രവൃത്തിക്ക് ഉപയോഗിക്കാത്ത സാഹചര്യത്തിൽ DSR 60.7.1 പ്രകാരമുള്ള സ്പെസിഫിക്കേഷനും, നിരക്കുമായിരുന്നു അവലംബിക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 60.7.1 - DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Site | | | | | |
|---|---|---|---|---|---|
| Code | Dscription | Unit | Qty. | Rate | Amount |
| | Details Of Cost For 1 Cum Material | | | | |
| 1157 | Stone For Masonry Work<br>Carriage | Cum | 1.05 | 1100.00 | 1155 |
| 2215 | Carriage Of Stone Of Soling Stone & Masonry Stone<br>Labour | Cum | 1.05 | 122.08 | 128.18 |
| 0125 | Mason (For Plain Stone Work) $2^{nd}$ Class | Day | 0.8 | 679.00 | 543.2 |
| 0114 | Belder | Dayt | 0.7 | 558.00 | 390.6 |
| Total | | | | | 2216.98 |
| Add: Water Charges 1% | | | | | 22.17 |
| TOTAL | | | | | 2239.15 |
| Add. CPOH @ 15% | | | | | 335.87 |
| TOTAL | | | | | 2575.02 |

| | |
|---|---|
| Cost Per Cum | 2575 |
| Total With Cost Index (2575x37.29%) | 3535.21/cum |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം 3535.21/cum നിരക്ക് നൽകുന്നതിനു പകരം Through/Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിന് ബാധകമായ (5988.21/cum) നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. Item Rate BoQ അടിസ്ഥാനത്തിൽ പ്രവൃത്തി ഇ-ടെണ്ടർ ചെയ്താണ് നടപ്പിലാക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ ജോർജ്ജ് വി. മാത്യു എന്ന കരാറുകാരനാണ് കരാർ ലഭിച്ചത്. ടിയാൻ DR Masonry പ്രവൃത്തിക്ക് (ഇനം 3) 4521/cum നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 24.5% കുറവാണിത്. ഈ ഇനത്തിന് എസ്റ്റിമേറ്റ് നിരക്കും 10% ടെണ്ടർ എക്സസും ഉൾപ്പടെ പരമാവധി അനുവദിക്കാവുന്നത് 3888.73/cum ആണ്. അനുവദനീയമായതിൽ അധികം നിരക്ക് അനുവദിച്ച ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം 18829 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

| ഇനം | DSR 2018 -75.7.1 (Through/Bond Stone) പ്രകാരം നൽകിയ നിരക്ക് (M3x5988.21) | DSR 2018 (60.7.1) പ്രകാരം നൽകാവുന്ന നിരക്ക് (3535.21+10% ടെണ്ടർ എക്സസ്) | അധികം നൽകിയത് |
|---|---|---|---|
| 3 | 29.78x4521.00=134635.38 | 29.78x3888.73 = 115806.38 | 18829 |

അധികം നൽകിയ തുക 18829 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 170000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, 31/21-22 | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 436500 | സമഗ്ര നെൽകൃഷി വികസനം, 64/21-22 | 436500 | 0 |
| ജില്ലാ പഞ്ചായത്ത് | 157900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, 31/21-22 | 157900 | 0 |
| ജില്ലാ പഞ്ചായത്ത് | 11875 | അംഗനവാടി അനുപൂരക പോഷകാഹാരം, 32/21-22 | 11875 | 0 |
| ജില്ലാ പഞ്ചായത്ത് | 6056016 | സമഗ്ര നെൽകൃഷി വികസനം, 64/2021-22 | 6056016 | 0 |
| ജില്ലാ പഞ്ചായത്ത് | 770411 | സാന്ത്വന പരിചരണം, 39/21-22 | 770411 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 71/21-22 | 400000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ 80/2021-22 | ഓൺലൈൻ ട്രാൻസ്ഫർ, 19.03.2022 | 1470000 | 0 | 1470000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 168/2021-22 | ഓൺലൈൻ ട്രാൻസ്ഫർ, 27.03.2022 | 390600 | 0 | 390600 |
| കെ എസ് ഇ ബി | ഇലക്ട്രിസിറ്റി ലൈൻ വലിക്കൽ 79/2021-22 | ഓൺലൈൻ ട്രാൻസ്ഫർ, 10.03.2022 | 1047368 | 0 | 1047368 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ 81/2021-22 | ഓൺലൈൻ ട്രാൻസ്ഫർ, 22.02.2022 ഓൺലൈൻ ട്രാൻസ്ഫർ, 09.03.2022 ഓൺലൈൻ ട്രാൻസ്ഫർ, 23.03.2022 ഓൺലൈൻ ട്രാൻസ്ഫർ, 27.03.2022 | 446150 | 0 | 446150 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | (-) 38281 | ഇല്ല | (-) 38281 | 264000 | -- | (-) 302281 |

വാർഷിക ധനകാര്യപത്രിക പ്രകാരം ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നില്ല. ലോൺ തുകയിലും അധികമായി 2021-22സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും തുക സർക്കാർ കുറവ് ചെയ്തിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ആഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 101338935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67888089 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18829 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 217856 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 18829 | ശ്രീ നിസാം, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 120000 | ശ്രീ രാജേന്ദ്രൻ പി.കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 97856 | ശ്രീ ജോസ് ഈപ്പൻ, സെക്രട്ടറി |
| ആകെ | 217856 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ നിസാം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നിരണം ഗ്രാമപഞ്ചായത്ത് | നിസാം മൻസിൽ കോളേജ് ജംഗ്ഷൻ കായംകുളം – 690502 |
| ശ്രീ ജോസ് ഈപ്പൻ സെക്രട്ടറി | സെക്രട്ടറി, പെരിങ്ങര ഗ്രാമപഞ്ചായത്ത് | പ്ലാംമൂട്ടിൽ ശാലോം ഭവൻ, കുറ്റപ്പുഴ പി.ഒ., തിരുവല്ല |
| ശ്രീ രാജേന്ദ്രൻ പി. കെ. അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ഇട്ടുപാറയിൽ വെൺപാല പി.ഒ., തിരുവല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| നമ്പർ | ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1 | 2000-01 | എൽ.എഫ്.പി.റ്റി.എ.പി.4- 199/03 തീയതി 08.10.2004 | 1 (3-68) |
| 2 | 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03 തീയതി 13.11.06/26.03.07 | 6 (10, 11, 12, 13, 14, 3 (ഡി)) |
| 3 | 2003-04 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07 തീയതി 31.03.08/15.05.08 | 1 (2-9) |
| 4 | 2004-05 | എൽ.എഫ്.പി.റ്റി.എ.പി5-40/08, 30.09.2008 | 1 (3-4) |
| 5 | 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08 തീയതി 30.06.09 | 1 (3-7) |
| 6 | 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08 തീയതി 22.06.09 | 2 (3-2, 3-3) |
| 7 | 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/ തീയതി 04.08.09/20.08.2010 | 6 (3-10, 3-12, 3-13, 3-14, 3-17, 3-18) |
| 8 | 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11 തീയതി 05.08.11/03.05.2014 | 7 (2-1(3), 2-2, 3-7, 3-8, 3-9, 3-11, 3-14) |
| 9 | 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13 തീയതി 11.09.13/03.05/14 | 14 ( 2-1, 3-1, 3-3, 3-4, 3-10, 3-11, 3-15, 3-16, 3-17, 3-8, 3-9, 3-12, 3-13, 3-14) |
| 10 | 2011-12 | എൽ.എഫ്.പി.റ്റി.എ.പി11-426/13 തീയതി 11.09.13/03.05/14 | 6 (1-1, 3-2, 3-9, 2-2(സി), 3-3, 3-4) |
| 11 | 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14 തീയതി 16.01.15/09.02.15 | 7 (2-2(എ), (ബി), (സി) ,(ഡി), 3-1, 3-2, 3-3) |
| 12 | 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15 തീയതി 04.12.15/08.12.15 | 3 (3-3, 3-5, 3-11) |
| 13 | 2015-16 | കെ.എസ്.എ.പി.റ്റി.എ പി.4- | 16 (3-1, 3-13, 3-15, 3-16, 3-17, |

| നമ്പർ | ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1 | 2000-01 | എൽ.എഫ്.പി.റ്റി.എ.പി.4- 199/03 തീയതി 08.10.2004 | 1 (3-68) |
| | | 1380/16 തീയതി 12.01.2017 | 3-18, 3-19, 3-5, 3-7, 3-11, 3-13, 3-15, 3-16, 3-17, 3-18, 3-19) |
| 14 | 2016-17 | കെ.എസ്.എ.പി.റ്റി.എ പി.4-824/17 തീയതി, 04.08.2017 | 11 (3-1, 3-8(3), 3-8(4), 3-3, 3-4, 3-5, 3-6, 3-7, 3-8(1), (2), 3-9) |
| 15 | 2017-18 | കെ.എസ്.എ.പി.റ്റി.എ പി.4-99/19 തീയതി 20.02.2019 | 12 ( 2-1, 2-2, 2-3, 3-2, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 16 | 2018-19 | കെ.എസ്.എ.പി.റ്റി.എ പി.4-715/19 തീയതി 08.08.2019 | 13 ( 2-2, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-8, 3-9, 3-12, 3-13) |
| 17 | 2019-20 | കെ.എസ്സ്.എ.പി.റ്റി.എ/പി4 /251/2022 തീയതി 11.03.2022 | 11 (1-11(ബി), (സി), (ഡി), 1-12(3), 1-13, 1-14, 1-15, 1-16, 1-18, 1-20, 1-21) |
| 18 | 2020-21 | കെ.എസ്സ്.എ.പി.റ്റി.എ/പി4 /252/2022 തീയതി 04.04.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്